(ഡി) കേബിളും മറ്റ് സാമഗ്രികളും വാണിജ്യ കീഴ്വഴക്കങ്ങൾ അനുസരിച്ച് ദേശീയ ദർഘാസ് മുഖേനയാണ് ബി. എസ്. എൻ. എൽ. വാങ്ങുന്നത്. ഈ സ്ഥാപനത്തിൽനിന്നും കേബിളിന് ഓർഡർ നേടുന്നതിനുവേണ്ടി മൽസരിക്കുന്ന 45-ഓളം കമ്പനികൾ രാജ്യത്ത് ഉണ്ട്. ദർഘാസിൽ പങ്കെടുക്കുന്ന കമ്പനികൾ പ്രസ്താവിക്കുന്ന വിലകളുടെ അടിസ്ഥാനത്തിലാണ് ഓർഡർ നൽകുന്നതിനുള്ള കമ്പനികളെ ബി. എസ്. എൻ. എൽ. തെരഞ്ഞെടുക്കുന്നത്. ട്രാക്കോ കേബിൾ കമ്പനിക്ക് നിലനിൽക്കുന്നതിനാവശ്യമായ തരത്തിൽ ഓർഡറുകൾ നൽകണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

കുന്നത്തറ ടെക്സ്റ്റൈൽസ് പ്രവർത്തിപ്പിക്കുവാൻ സ്വീകരിച്ച നടപടി

32 [1176] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിന്റെ ഭാഗമായി തൊഴിലാളി സംഘടനകൾ അടക്കം ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) കുന്നത്തറ ടെക്സ്റ്റൈൽസ് ലിക്വിഡേഷനിലാണ്. തുടർന്ന് പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

കാസർഗോഡ് ആസ്ട്രൽ വാച്ചസ് കമ്പനി

38 [1177] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ആസ്ട്രൽ വാച്ചസ് കമ്പനി നിലവിൽ വന്നിട്ട് എത്ര കാലമായിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ ഓരോ വർഷത്തേയും ലാഭനഷ്ടകണക്ക് വ്യക്തമാക്കാമോ;

(സി) അവിടെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ആ സ്ഥാപനത്തിൽ വി. ആർ. എസ്. നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർ പിരിഞ്ഞുപോയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത സ്ഥാപനത്തെ പുനരുദ്ധരിക്കുന്നതിനും ലാഭകരമാക്കുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1978 ഫെബ്രുവരിയിൽ നിലവിൽ വന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 88 പേർ ജോലി നോക്കിയിരുന്നു.

(ഡി) ഉണ്ട്.

(ഇ) എല്ലാവരും.

(എഫ്) സ്വകാര്യ പങ്കാളിത്തത്തോടെ പുനരുദ്ധരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കേരള ഓട്ടോമൊബൈൽസിലെ ജീവനക്കാരുടെ പ്രൊമോഷനുകൾ

39 [1178] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഓട്ടോമൊബൈൽസിൽ എത്ര സ്ഥിരം തൊഴിലാളികളുണ്ട്; തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) കാലാകാലങ്ങളിൽ ഉണ്ടാകുന്ന പ്രൊമോഷനുകൾ യഥാസമയം നൽകാൻ കമ്പനി മാനേജിംഗ് ഡയറക്ടർ വൈമുഖ്യം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രൊമോഷനുകൾ ലഭിക്കാത്തതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഉന്നതാധികാരികളുടെ ഭാഗത്തുനിന്ന് നിർദ്ദേശങ്ങൾ ഉണ്ടായിട്ടും പ്രൊമോഷൻ നൽകാതെ കമ്പനി മാനേജിംഗ് ഡയറക്ടർ തടഞ്ഞുവച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) അർഹതപ്പെട്ട മുഴുവൻ ജീവനക്കാർക്കും മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ നൽകുമോ?

ഉത്തരം

(എ) 372 സ്ഥിരം തൊഴിലാളികളാണുള്ളത്. തസ്തിക തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

(1)	എക്സിക്യൂട്ടീവ്/മാനേജീരിയൽ	10
(2)	സൂപ്പർവൈസറി/ആഫീസർ	49
(3)	ആഫീസ് സ്റ്റാഫ്	52
(4)	വർക്കേഴ്സ്	261
	ആകെ	372 പേർ

LIBRARY ARCHIVES Kerala Legislative Assembly